# വചനസുമം



വാല്യം 11 • മാർച്ച് 2013 • ലക്കം 3



# പ്രസംഗം തയ്യാറാക്കിയവർ

**മാർച്ച് 3** : **ക്നാനയ്ത്തൊ ഞായർ**
ബ്രദർ ലിസ്സൺ തോമസ് ഒ.ഐ.സി.

**മാർച്ച് 10** : **ക്പിഫ്തൊ ഞായർ**
ബ്രദർ റിജോ തോമസ് ഒ. ഐ. സി.

**മാർച്ച് 17** : **സമിയൊ ഞായർ**
ബ്രദർ ആന്റണി ഞെരിഞ്ഞാംപള്ളി ഒ.ഐ.സി.

**മാർച്ച് 24** : **ഓശാന ഞായർ**
ബ്രദർ എൽദോ ഒ. ഐ. സി.

**മാർച്ച് 25** : **പരി. ദൈവമാതാവിനോടുള്ള വചനിപ്പ്**
ബ്രദർ ജോർജ് അഭയാനന്ദ് ഒ. ഐ. സി.

**മാർച്ച് 28** : **പെസഹാ വ്യാഴം**
ബ്രദർ സൈജു കുര്യൻ ഒ. ഐ. സി.

**മാർച്ച് 29** : **ദുഃഖവെള്ളി**
ബ്രദർ സുമിത്ത് നിക്കോളാസ് ഒ. ഐ. സി.

**മാർച്ച് 31** : **കംത്യാ (ഉയിർപ്പു പെരുന്നാൾ)**
ബ്രദർ ഗീവർഗീസ് പണിക്കർ ഒ. ഐ. സി.

---

Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**

(For Private Circulation)

# 2013 മാർച്ച് 3

## ക്നാനയ്ത്തൊ ഞായർ

## (കനാൻകാരിയുടെ മകളെ സൗഖ്യമാക്കിയത്)

## വലിയ നോമ്പിലെ നാലാം ഞായർ

മർ. 7:24-30; 1 സാമു. 7:2-11; പ്രഭാ. 10:6-18;
ഏശ. 55:1-9; 1 യോഹ 2:1-6; റോമ 7:13-25; മത്താ. 15:21-28

**ബ്രദർ ലിസ്സൺ തോമസ് ഒ. ഐ. സി.**

വി. മത്തായിയുടെ സുവിശേഷത്തിലും വി. മർക്കോസിന്റെ സുവിശേഷത്തിലും മാത്രം പ്രതിപാദിക്കുന്ന ഒരു സംഭവമാണ് കനാൻകാരിയുടെ വിശ്വാസം. സാധാരണയായി ഈ സുവിശേഷഭാഗം കനാൻകാരിയുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നതായിട്ടാണ് പരിഗണിക്കപ്പെടുന്നത്. അങ്ങനെ ഒരു കാര്യം ഉണ്ട് എന്നുള്ളത് ശരിതന്നെ, എന്നാൽ അതിനേക്കാൾ ഏറെ കാര്യങ്ങൾ ഈ സുവിശേഷഭാഗം നമ്മോട് പറയുന്നു.

"യേശു അവിടെ നിന്നു പുറപ്പെട്ട് ടയിർ, സീദോൻ എന്നീ പ്രദേശത്തിലെത്തി." യഹൂദരുടെ അതിർത്തിയ്ക്ക് അപ്പുറത്ത് യേശുവിനെ കാണുന്ന ഏക സന്ദർഭമാണ് ഇത്. ഫിനിഷ്യർ താമസിക്കുന്ന ഈ സ്ഥലത്ത് സാധാരണഗതിയിൽ യഹൂദർ ആരും വരികയില്ല. അവർ പുറജാതികൾ ആണെന്നുള്ളതു തന്നെ കാരണം. ഇവിടെ യേശുവിനെ സമീപിക്കുന്നത് കാനാൻകാരിയാണ്. കാനാൻകാർ യഹൂദരുടെ ജന്മശത്രുക്കൾ ആണെന്നതും പ്രത്യേകം ഓർക്കേണ്ടതാണ്. യേശു അതിർത്തി കടന്നപ്പോൾ രണ്ട് വേലിക്കെട്ടുകളാണ് തകർക്കപ്പെട്ടത്. ഒന്നാമതായി ജാതീയമായ വിലക്ക്. രണ്ടാമതായി ശത്രുതയുടെ വേലി. ഈ രണ്ട് വേലിക്കെട്ടുകളും എത്രമാത്രം ഹീനമായിരുന്നു എന്ന് ഊഹിക്കാവുന്നതേ ഉള്ളൂ. മാനുഷികമായ മൂല്യങ്ങൾക്ക് പ്രാധാന്യം കൽപിക്കാതെ പാരമ്പര്യത്തിനും, വ്യർത്ഥമായ ആചാരങ്ങൾക്കും

പ്രാധാന്യം നൽകുന്ന പ്രവണതയിൽ നിന്നുള്ള മോചനമാണ് യേശുവിന്റെ ഈ അതിർത്തി കടക്കൽ.

ഇവിടെ യേശുവിന്റെ സുവിശേഷം അതിർത്തി കടന്ന് സാർവ്വത്രികത കൈവരിക്കുന്നതായി കാണുവാൻ സാധിക്കും. അതാണ് ‘‘സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ്’’ എന്ന പ്രഖ്യാപനം.

**1) ശിഷ്യധർമ്മം**

ആ പ്രദേശത്തുനിന്ന് ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു. “കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ. എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു.” എന്നാൽ യേശു ഒരു വാക്കുപോലും മറുപടി പറഞ്ഞില്ല എന്നാണ് സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നത്. ആവശ്യപ്പെടാതെ തന്നെ മനസ്സലിയുന്ന യേശുവാണ് ഇങ്ങനെ മൗനം പാലിക്കുന്നത്. അത് യേശുവിന്റെ മൗനമല്ല. യഹൂദർ ഇതുവരെ പുറജാതികളോട് കാണിച്ച നിസ്സംഗതയുടേയും ശത്രുതയുടേയും സൂചനയാണ് യേശുവിന്റെ ഈ മൗനം.

ഇങ്ങനെ ഒരു സന്ദർഭത്തിൽ ശിഷ്യർ എന്തു ചെയ്യും എന്നറിയാനും യേശു ആഗ്രഹിച്ചു കാണും. എന്നാൽ ശിഷ്യർ ചെയ്യേണ്ടത് തന്നെ ചെയ്തു. കാനാൻകാരിയുടെ അവസ്ഥ അവർ യേശുവിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. അവൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു. ഏതൊരു ശിഷ്യനും ചെയ്യേണ്ടത് ഇതു തന്നെയാണ്. ദീനരായ മനുഷ്യരെ യേശുവിന്റെ മുമ്പിലേക്കു കൊണ്ടു വരിക എന്നതാണ് “ശിഷ്യധർമ്മം.”

**2) കിട്ടുന്നതുവരെ ചോദിക്കുക, തുറക്കുന്നതുവരെ മുട്ടുക**

യേശുവിന്റെ മൗനം വാക്കുകളായി മാറിയപ്പോൾ അവൻ പറഞ്ഞു. ‘‘ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേയ്ക്കു മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്. അഹങ്കാരത്തിന്റെ വിഷം നിറഞ്ഞുനിന്നിരുന്ന യഹൂദർക്കു നേരെയുള്ള വലിയ ഒളിയമ്പുകളായിരിക്കണം ഈ

വചനം. അവൾ വീണ്ടും യേശുവിനെ പ്രണമിച്ച് "കർത്താവേ എന്നെ സഹായിക്കണമേ"യെന്ന് അപേക്ഷിച്ചു. കിട്ടുന്നതുവരെ ചോദിക്കാനും തുറക്കുന്നതുവരെ മുട്ടാനും അവൾ ഒരുങ്ങിയിരുന്നു.

അവൻ പറഞ്ഞു. "മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല" ഇത് ഒരു ക്രൂരമായ പ്രതികരണം ആണ്, എന്ന് നമുക്ക് തോന്നാം. യഹൂദരല്ലാത്തവരെ നായ്ക്കൾ എന്ന വിളിച്ച യഹൂദരുടെ മനസ്സ് അറിയാൻ വേണ്ടിയായിരിക്കും യേശു ഇപ്രകാരം പറഞ്ഞത്. നിങ്ങൾ നായിക്കളെപ്പോലെ കണക്കാക്കിയിരുന്ന പുറജാതികൾക്ക് ഞാൻ എന്തു ചെയ്തു കൊടുക്കാൻ പോകുന്നു എന്ന് കണ്ടുകൊൾക എന്നതാണ് ഇതിന്റെ അർത്ഥം.

**3) മൂന്നു മുഖങ്ങൾ**

യേശു കാനാൻകാരിക്ക് യഹൂദരുടെ മൂന്നു മുഖങ്ങൾ കാണിച്ചുകൊടുക്കുന്നു.

1) കണ്ടാൽ മിണ്ടാത്ത യഹൂദർ.

2) ദൈവരാജ്യത്തിലേക്ക് പ്രവേശിക്കാൻ പോകുന്ന പുറജാതികളെ അകറ്റി നിർത്തുന്ന യഹൂദർ.

3) യഹൂദരല്ലാത്തവരെ നായ്ക്കൾ എന്നു വിളിക്കുന്നവർ.

ഇവിടെ യേശു മൗനം പാലിക്കുമ്പോൾ അവളോട് ഒരു ചോദ്യം ചോദിക്കുന്നു. "എന്റെ ജനം ഇത്രയും നിന്നോട് ചെയ്തിട്ടും നീ എന്നിൽ വിശ്വസിക്കുന്നുവോ?" ഇതിനു മറുപടിയായി അവൾ പറയുന്നത്: "അതേ കർത്താവേ, നായ്ക്കളും, യജമാനന്മാരുടെ മേശയിൽ നിന്ന് വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ?" കാനാൻകാരി യേശുവിലർപ്പിച്ച വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ് ഇത്. കാനാൻകാരിക്ക് കിട്ടിയ വെളിപാടാണിത്. ഇതിന്റെ അർത്ഥം നിനക്ക് ഞങ്ങളേയും ഒഴിവാക്കാൻ കഴിയില്ല എന്നാണ്. കാരണം യേശുവിന്റെ സ്നേഹത്തിന് അതിർവരമ്പില്ല, വേലിയില്ല.

മകളുടെ അസുഖം ഭേദമായ കഥയല്ല സുവിശേഷങ്ങൾ വരച്ചുകാട്ടുന്നത്. അതിർത്തി കടന്ന് മനുഷ്യരുടെ ദുഃഖം ഏറ്റു വാങ്ങിയ യേശുവിന്റെ ചിത്രമാണ് ഇവിടെ വരച്ചുകാട്ടുന്നത്. നമ്മൾ നമ്മുടെതന്നെ ചട്ടക്കൂട്ടിൽ ഒതുങ്ങികൂടാതെ അതിർത്തികൾ പൊളിച്ച് ഇരുകരങ്ങളും നീട്ടി നിൽക്കുന്നവരാകാൻ ശ്രമിക്കാം.....

# 2013 മാർച്ച് 10
# ക്പിഫ്തൊ ഞായർ
# (കൂനിയെ സൗഖ്യമാക്കിയത്)
## വലിയ നോമ്പിലെ അഞ്ചാം ഞായർ

ലൂക്കാ 10:25-37, സഖ്യ. 14:11 - 25, പ്രഭാ 11:7 - 19,
ഹോസി 11:1 - 6, 1 പത്രോ 3:18 - 22, ഗലാ 5:16 - 26,
ലൂക്കാ 13:10- 17

**ബ്രദർ റിജോ തോമസ് ഒ. ഐ. സി.**

കർത്താവിന്റെ സ്നേഹത്തെയും കരുതലിനെയും സംബന്ധിച്ചും നിയമാധിഷ്ഠിതമായുള്ള ജീവിതത്തിൽ നീതി നിഷേധിക്കപ്പെടുകയും, മനുഷ്യത്വം നഷ്ടപ്പെടുകയും ചെയ്യുന്നതിനെ സംബന്ധിച്ചും സമഗ്രമായ സൗഖ്യത്തെ സംബന്ധിച്ചും മറ്റും വിവിധങ്ങളായ കാര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്ന വേദഭാഗമാണ് വി. ലൂക്കോസ് 13:10–17 വരെയുള്ളത്.

**പശ്ചാത്തലം**

നിയമജ്ഞരുടെ കാപട്യം പുറത്തു കാണിക്കുന്ന ഈ സംഭവം ലൂക്കോസ് മാത്രമെ വിവരിക്കുന്നുള്ളു. യേശു ജറുസലേമിലേക്കു പോകുന്ന വഴി ഒരു സാബത്തു ദിവസം സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. അപ്പോൾ പതിനെട്ടു വർഷമായി കൂനു മൂലം നിവർന്നു നിൽക്കാനാകാതെ ദുരിതം അനുഭവിച്ച ഒരു സ്ത്രീയെ അടുത്ത് വിളിച്ച് “സ്ത്രീയെ നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു” (13:12) എന്നു പറയുകയും അവളുടെ മേൽ കരം വച്ച് അവളെ സുഖപ്പെടുത്തുകയും ചെയ്തു. ആരും ആവശ്യപ്പെടാതെ യേശു സ്വമേധയാ തന്റെ ദൈവിക അധികാരം ഉപയോഗിക്കുന്നു. സാബത്തു നിയമം ലംഘിച്ചതിനു സിനഗോഗധികാരികൾ കോപിക്കുന്നു. ഈ രോഗശാന്തി സിനഗോഗധികാരിയും

യേശുവും തമ്മിലുള്ള തർക്കത്തിന് കാരണമായി. സിനഗോഗധികാരി സാബത്തു നിയമത്തിന് ഊന്നൽ നൽകിയപ്പോൾ (നിയ 5:13) യേശു സാബത്തിൽ ദൈവത്തിന്റെ രക്ഷാകര പദ്ധതി എന്ന സ്നേഹത്തിനാണ് ഊന്നൽ നൽകിയത്. സാബത്ത് മനുഷ്യനെ രക്ഷിക്കാനും സഹായിക്കാനുമുള്ള അവസരമാണ് എന്ന് യേശു പറയുന്നു. നിയമം മനുഷ്യനുവേണ്ടിയാണ് അല്ലാതെ മനുഷ്യൻ നിയമത്തിനുവേണ്ടിയല്ല.

**നിവർന്നു നിൽക്കുവാനുള്ള വരം**

താഴെ മണ്ണിലേക്കാണ് കൂനുള്ള വ്യക്തിയുടെ കണ്ണുകൾ പതിഞ്ഞിരിക്കുക. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള കാര്യമായ അന്തരം മനുഷ്യന് നേരെ നിൽക്കാനുള്ള കഴിവാണ്. ശിരസ്സുയർത്തി നടുനിവർത്തി ഇച്ഛാശക്തി വിടർത്തി ജീവിക്കേണ്ടവനായ സൃഷ്ടിയുടെ മകുടമായി ദൈവസാദൃശ്യത്തിലും ഛായയിലും മെനയപ്പെട്ട മനുഷ്യന് ഒരു ലക്ഷ്യമുണ്ട്. മണ്ണിൽ നിന്ന് മെനയപ്പെട്ട മനുഷ്യൻ മണ്ണിൽ കാൽപാദങ്ങൾ ഉറപ്പിച്ചുകൊണ്ട് വിണ്ണി ലേക്ക് ഉയരേണ്ടവനാണ്. കുനിഞ്ഞ് നിന്ന് കാണുന്ന പരിമിത മായ കാഴ്ചപ്പാടിൽനിന്നും നിവർന്നു നിന്നു ഉയരത്തിലേക്ക് ദൃഷ്ടികൾ ഉയർത്തുമ്പോൾ അവന്റെ വീക്ഷണവും ദർശനവും ആകാശത്തിന്റെ അനന്തതയെക്കാൾ അതിവിപുലമാകുന്നു.

ചുറ്റുപാടുകളേയും ലോകത്തെയും കാണുവാനും സ്വതന്ത്രമായി മറ്റുള്ളവരെ ആശ്ലേഷിക്കുവാനും ഒക്കെയുള്ള സാധ്യതകൾ നിവർന്നു നിൽക്കുവാൻ സാധിക്കാത്തവർക്ക് നഷ്ടപ്പെടുന്നു. നമ്രമുഖികളായോ, നട്ടെല്ലു വളച്ചോ നാം നിൽക്കുമ്പോൾ ജീവിതം തന്നെ ദുഷ്കരമാകുന്നു. കർത്താവിന്റെ കരുണയോടെയുള്ള ഇടപെടൽ പതിനെട്ടുവർഷം ഈ അവസ്ഥയിലായിരുന്ന സ്ത്രീയുടെ ജീവിതത്തെ മാറ്റി മറിക്കുന്നു. നിവർന്നുനിൽക്കാവാനുള്ള വരം  പരിശുദ്ധ മാമോദീസായിലൂടെ ലഭിച്ചവരാകുന്നു നാം. പുനരുത്ഥാനം ചെയ്ത കർത്താവിന്റെ പ്രതീകം എന്നവണ്ണം നാം ആരാധനയിലും പ്രാർത്ഥനയിലും ജീവിത

ത്തിലും നിവർന്നു നിൽക്കേണ്ടവരാണ്. ഉയരങ്ങളിലേക്കു നോക്കുവാൻ കഴിയാതെ നമുക്ക് ജീവിക്കേണ്ടി വരുമ്പോൾ പരിഹാരം കർതൃവചനം ഒന്നു മാത്രമാണ്. മനുഷ്യകുലത്തിന് ഭാരങ്ങളുടേയും വികലമായ കാഴ്ചപ്പാടുകളുടേയും പാപത്തിന്റേയും കൂനു ബാധിച്ചപ്പോൾ നമ്മെ ഉദ്ധരിപ്പാനായി അവൻ അവതരിച്ചു.

**നന്മക്കു തടസ്സമാകാതിരിക്കുക**

സിനഗോഗധികാരിയുടെ എതിർപ്പ് പകയുടെ പുകയായി ഉയരുകയാണ്. അതിവിശുദ്ധമായ സാബത്തിൽ സൗഖ്യമാക്കുകയോ? മഹത്തായ ഒരു കർമ്മം കൺമുമ്പിൽ കണ്ടിട്ടും തന്റെ പ്രാമാണിത്തത്തിന് കോട്ടം വരുവാൻ സാധ്യതയുള്ള ഒരു ബദൽ നേതൃത്വം ഉണ്ടാക്കുന്നു എന്ന അസ്വസ്ഥത മൂലമാകാം അയാൾക്ക് ആ നന്മയിൽ സന്തോഷിക്കാൻ കഴിയാതെ പോകുന്നത്. എതിർപ്പിന്റെ ഒരു പുതിയ രാഷ്ട്രീയമാണ് അധികാരി ഇവിടെ സ്വീകരിക്കുന്നത്. ഈ കർമ്മം നിർവ്വഹിച്ച യേശുവിനെ നേരിട്ടു ശാസിക്കാതെ ജനക്കൂട്ടത്തെയാണ് അയാൾ ശാസിക്കുന്നത്. ഇതിനായി അധികാരി തന്റെ മതവിശ്വാസത്തേയും കൂട്ടു പിടിക്കുന്നു. സ്വന്തം സ്ഥാനമാനത്തിന്റെ ഭദ്രതയ്ക്കും അരക്ഷിതത്വം ഉണ്ടാകുമ്പോൾ സംഹിതയെ കൂട്ടുപിടിക്കുക, സാധാരണ ജനത്തെ ഭയപ്പെടുത്തുക ഇവയൊക്കെ ഇന്നും അന്യമല്ലാത്ത സംഭവങ്ങളാണ്. നിയമത്തിന്റെ സദുദ്ദേശ്യത്തെ അന്വേഷിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ടവർ സ്വന്തം കാര്യലാഭത്തിനും സ്വന്തം സ്ഥാനമാനങ്ങളുടെ ഉറപ്പിനുമായി നിയമം ഒരു ഭാരമായി ജനങ്ങളുടെ ചുമലിൽ വയ്ക്കുന്നു. കർത്താവിന്റെ കരുണാദ്രമായ ഇടപ്പെടൽ നന്മക്കു തടസ്സം നിൽക്കാതെ അതിന്റെ കൂട്ടു വേലക്കാരായി തീരുവാൻ നമ്മെ പഠിപ്പിക്കുന്നു.

**സ്ത്രീയുടെ മനോഭാവത്തിലേക്ക്....**

"അവൾ നിവർന്നു നിന്ന് ദൈവത്തെ സ്തുതിച്ചു" (ലൂക്കാ 13:14) സിനഗോഗധികാരിയിൽനിന്ന് വ്യത്യസ്ഥമായ പ്രതികരണം. "കടപ്പെട്ട" സാബത്തിൽ കിടക്കയിൽ കഴിഞ്ഞുകൂടാൻ അവൾ

ഒരുക്കമല്ല. അതുകൊണ്ടാണ് അവൾ സിനഗോഗിൽ എത്തിയത്. കൂനിയായ സ്ത്രീയ്ക്ക് ദേവലായം (സിനഗോഗ്) ശാരീരികമായ അസ്വസ്ഥത വിസ്മരിക്കാനുള്ള സ്ഥലമായിരുന്നു. മാത്രമല്ല ശാരീരികമായ അവളുടെ വികലതകൾ ദൈവത്തിൽനിന്ന് അകലുവാനല്ല ദൈവവുമായി അടുക്കുവാനാണ് അവളെ സഹായിച്ചത്. ആകാരത്തിലുള്ള വൈരൂപ്യം ആത്മാവിനെ ബാധിച്ചിരുന്നില്ല. അവളുടെ അവയവങ്ങളെല്ലാം ദൈവത്തെ വാഴ്ത്തി പുകഴ്ത്തുന്ന തമ്പുരുകളാക്കിയതുമൂലം അവൾ തന്നെ ഒരു ദേവാലയം ആയിരുന്നു. അവളുടെ ഹൃദയം ദൈവത്തിന്റെ കുടിയിരുപ്പു സ്ഥലവും. "നിങ്ങൾ ദൈവത്തിന്റെ ആലയം എന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലേ?" (1 കോരി 3:16) എന്നുള്ള വചനവും ഈ സ്ത്രീ നമ്മെ പഠിപ്പിക്കുന്നു. ദൈവത്വം സ്തുതിക്കുവാൻ ശാരീരികമായ ഒന്നും തന്നെ തടസ്സമല്ല എന്ന് വളരെ വ്യക്തമാക്കി തരുന്നു. നടുവളഞ്ഞു ബുദ്ധിമുട്ടി സിനഗോ ഗിൽ എത്തിയ സ്ത്രീ സൗഖ്യവും പ്രാപിച്ച് ആവേശത്തോടു കൂടെ ദൈവത്തെ സ്തുതിച്ചുകൊണ്ട് മടങ്ങിപ്പോകുന്നു.

**വിചിന്തനം**

ക്രൈസ്തവന്റെ ദൃഷ്ടികൾ പതിയേണ്ടത് പാഴായ പൂഴിമണ്ണിലോ മികച്ച മേച്ചിൽ പുറങ്ങളിലോ അല്ല. മറിച്ച് വിശാലമായ സ്വർഗ്ഗത്തിന്റെ അനന്ത സൗഭാഗ്യങ്ങളിലായിരിക്കണം. നടുവിന്റെ വളവ് ആർക്കും ഒരു തടസ്സത്തിന്റെ കൊടുമുടിയാണ്. കൂന് നിവരാതെ ബന്ധനങ്ങൾ അഴിയാതെ, അഴിക്കാതെ ഉന്നം വച്ചിരിക്കുന്നിടത്ത് എത്തി നോക്കുവാൻ ആർക്കും കഴിയുകയില്ല. ദേവാലയത്തിൽ അണയുമ്പോൾ ആരാധനയിലൂടെ ആത്മ ശരീര മനസ്സുകൾ ഉന്നതങ്ങളിലേക്കു ഉയരുമ്പോൾ കർത്താവു നമ്മെ ദർശിക്കും. അവൻ വിളിക്കും, സ്പർശിക്കും. അതോടു കൂടി നമ്മുടെ കൂനുകൾ ഇല്ലാതാകും, സ്തുതിഗീതങ്ങൾ ഉതിരും. ഈ നോമ്പുകാലത്ത് കൂനിയായിരുന്ന സ്ത്രീയെപ്പോലെ നമുക്ക് നമ്മുടെ കുറവുകളെ കർത്താവിന് വിട്ടുകൊടുക്കാം.

# 2013 മാർച്ച് 17
# സമിയൊ ഞായർ
# (കുരുടനെ സൗഖ്യമാക്കിയത്)
# വലിയ നോമ്പിലെ ആറാം ഞായർ

യോഹ 9:1-41; നിയമ 32:45- 52; പ്രഭാ 21:1-10; ഏശ 1:10-17; 1 പത്രോ 4:12-19; റോമ 14:13-23; മർ 10:46-52

**ബ്രദർ ആന്റണി ഞെരിഞ്ഞാംപള്ളി ഒ. ഐ. സി.**

**ആമുഖം**

ലോകചരിത്രം പരിശോധിച്ചാൽ മനുഷ്യൻ മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ പീഡിപ്പിച്ചതിന്റെയും കൊല ചെയ്ത തിന്റെയും ധാരാളം കഥകൾ നമുക്കു കാണുവാൻ കഴിയും. എന്നാൽ ഒരു ദൈവം, തന്റെ ജനത്തെ തേടിവന്ന സംഭവം, തന്റെ ജനത്തിനുവേണ്ടി ജീവൻ ഹോമിച്ച സംഭവം ചരിത്രത്തിൽ ഒരിക്കൽ മാത്രമേ ഉണ്ടായിട്ടുള്ളു. തങ്ങളുടെ ദൈവം തങ്ങൾ ക്കായി ചമ്മട്ടിയടിയേറ്റ്, രക്തം ചിന്തി, കുരിശിൽ തറയ്ക്കപ്പെട്ട് പിടഞ്ഞു മരിച്ചതിന്റെ ഓർമ്മ ആചരിക്കുന്ന ഒരേ ഒരു ജനസമൂഹം ക്രൈസ്തവരായ നാം മാത്രമാണ്. ഈ ഓർമ്മയാചരണത്തിനു മുന്നോടിയായി വലിയ നോമ്പിന്റെ കാലഘട്ടത്തിലൂടെ കടന്നു പോകുന്ന നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ ഹൃദയ ത്തിന്റെ കണ്ണുകൾ തുറക്കുവാനുള്ള ഒരു ആഹ്വാനമാണ് ഇന്നത്തെ സുവിശേഷ ഭാഗത്തിലൂടെ നാം വായിക്കുന്നത്.

കണ്ണുകൾക്കു കാഴ്ചയില്ലാത്തവൻ അകക്കണ്ണുകൊണ്ട് കണ്ടകാര്യം ഇതാണ്; കടന്നുപോകുന്നത് ദാവീദിന്റെ പുത്രനാണ്. കാഴ്ചയുള്ളവരും യേശുവിന്റെ കൂടെ നടന്നവരുമായ മറ്റു മനുഷ്യരെ സംബന്ധിച്ചിടത്തോളം അവൻ നസറായനായ യേശു മാത്രമാണ്. അവർ ഈ യാത്രയിലുടനീളം യേശുവിന്റെ അത്ഭുത പ്രവൃത്തി കണ്ടവരും പഠനങ്ങൾ ശ്രവിച്ചവരുമാണ്. എന്നിട്ടും യേശു ദാവീദിന്റെ പുത്രനാണെന്ന് അവർ തിരിച്ചറിയുന്നില്ല. എല്ലാ കാഴ്ചകളും കാണുകയല്ല പ്രധാനപ്പെട്ടത്. കാഴ്ചകൾക്ക് പുറകിലെ ദൈവിക സാന്നിദ്ധ്യം തിരിച്ചറിയുന്ന ഉൾകാഴ്ചയാണ് പ്രധാനം.

ഇന്നത്തെ സുവിശേഷഭാഗത്തിലുള്ള ബർതിമിയോസിന്റെ കാഴ്ചകളേയും വീക്ഷണങ്ങളേയും മൂന്നായി കാണാം.

1. **വിശ്വാസത്തിന്റെ കണ്ണുകളിലൂടെ അവൻ യേശുവിനെ കണ്ടു.**
2. **പ്രതിബന്ധങ്ങളെ തരണം ചെയ്തു ക്രിസ്തുവിന്റെ കൃപ നേടി.**
3. **അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ അനുഗമിച്ചു.**

**1. വിശ്വാസത്തിന്റെ കണ്ണുകളിലൂടെ അവൻ യേശുവിനെ കണ്ടു.**

ബാഹ്യമായ കണ്ണുകളേക്കാൾ ആഴമേറിയ കാഴ്ചകളാണ് ആത്മീയതയുടെ കണ്ണിലൂടെ ബർതിമിയൂസ് കണ്ടത്. ബാഹ്യമായ കണ്ണുകൾക്കൊണ്ട് ക്രിസ്തുവിനെ നേരിട്ടു കണ്ടവരിൽ പലരും ക്രിസ്തുവിനെ ആഴത്തിൽ വിശ്വസിച്ചില്ല. എന്നാൽ ബാഹ്യമായ കണ്ണുകൊണ്ടു ക്രിസ്തുവിനെ കണ്ടിട്ടില്ലെങ്കിലും കേട്ടറിവിലൂടെ അനുഭവത്തിന്റെ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നു. മനുഷ്യരോടുള്ള സ്നേഹത്തെപ്രതി അവനെ തേടി വന്ന ഒരു ക്രിസ്തുവിന്റെ രൂപം അവന്റെ ഉള്ളിൽ പതിച്ചിരുന്നു. ആ ക്രിസ്തുവിനോടായിരുന്നു ആദ്യം അവൻ അവന്റെ ദുഃഖ ങ്ങളും വേദനകളുമൊക്കെ പങ്കുവച്ചത്. എന്നാൽ ആ ക്രിസ്തു തന്റെ മുന്നിലൂടെ കടന്നു പോകുന്നത് അറിഞ്ഞപ്പോൾ എല്ലാം മറന്നുകൊണ്ട് ക്രിസ്തുവിനെ വിളിക്കുകയായിരുന്നു. ദാവീദിന്റെ പുത്രനായ ക്രിസ്തു തന്റെ ബാഹ്യകണ്ണുകൾക്കും കാഴ്ച നൽകും എന്ന ശക്തമായ വിശ്വാസം അവന്റെ ഉള്ളിലുണ്ടായിരുന്നു. ഈ ഒരു വിശ്വാസത്തിന്റെ കണ്ണാണ് ബർതിമിയൂസിനെ അവന്റെ ഉള്ളിലുള്ള ക്രിസ്തുവിനെ കാണുവാൻ സഹായിച്ചത്. അങ്ങനെ ബാഹ്യമായ കണ്ണുകൾകൊണ്ട് ക്രിസ്തുവിനെ കാണുവാൻ അവനു കാഴ്ച ലഭിച്ചു. കേട്ടറിവിലൂടെ നേടിയ ഈ വിശ്വാസത്തിന്റെ ആഴവും അചഞ്ചല തയും തിരിച്ചറിഞ്ഞുകൊണ്ടാണ് ക്രിസ്തു അവനു കാഴ്ച നൽകുന്നത്. വിശ്വാസത്തിലൂടെയുള്ള വിളക്കു പ്രത്യുത്തരം നൽകാതെ നമ്മുടെ ജീവിതത്തിന്റെ മുന്നിലെ വഴിത്താരയി ലൂടെ കടന്നുപോയില്ല എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ബർതിമിയൂസിന്റെ ജീവിതത്തിലെ ക്രിസ്തുവിന്റെ സ്നേഹപൂർവ്വവും ദയാപൂർവ്വവുമായ ഇടപെടൽ.

**2. പ്രതിബന്ധങ്ങളെ തരണം ചെയ്തു ക്രിസ്തുവിന്റെ കൃപ നേടി**

Unexamined life is not worth living. പ്രതിബന്ധങ്ങളെ തരണം ചെയ്തിട്ടുള്ള ജീവിതത്തിനാണ് കൂടുതൽ വിലയുള്ളത്. വലിയ പ്രതിബന്ധങ്ങളുടെ മതിൽക്കെട്ടുകൾക്കപ്പുറത്താണ് ദൈവകൃപ യുടെ കടന്നുപോകൽ. ബർതിമിയൂസിനും ക്രിസ്തുവിന്റെ കൃപ യ്ക്കും ഇടയിൽ ഉണ്ടായിരുന്ന വലിയൊരു പ്രതിബന്ധമാണ് ജന ക്കൂട്ടം. ദാവീദിന്റെ പുത്രനായ യേശുവേ എന്നിൽ കനിയണമേ എന്നു വിളിച്ചുപറഞ്ഞപ്പോൾ പലരും അവനെ ശകാരിക്കുകയാ യിരുന്നു. എന്നാൽ ഈ വലിയ പ്രതിബന്ധം തരണം ചെയ്തു കൊണ്ടാണ് അവന്റെ ശബ്ദം ക്രിസ്തുവിന്റെ ചെവിയിലെത്തു ന്നത്. ഒരുപാടു പേരുടെ കനത്തതും കാർക്കശ്യം നിറഞ്ഞതുമായ ശബ്ദകോലാഹലങ്ങളെ അതി ജീവിച്ചുകൊണ്ട് അവന്റെ ശബ്ദം ക്രിസ്തുവിന്റെ അടുത്തെത്തി. അതുകൊണ്ടു തന്നെ ഈ ജന ക്കൂട്ടത്തിന്റെ ആരവങ്ങളെ മറികടന്നുകൊണ്ട് ക്രിസ്തുവിന്റെ ശ്രദ്ധ ബർതിമിയൂസിലും എത്തുന്നു. മുന്നിലുള്ള പ്രതിബന്ധങ്ങ ളെല്ലാം തരണം ചെയ്തുകൊണ്ട് ദൈവത്തിനു മുന്നിലെത്തുന്ന ഹൃദയം നുറുങ്ങിയ അപേക്ഷകളും പ്രാർത്ഥനകളും ഒന്നും ദൈവ തിരുമുമ്പിൽ വിസ്മരിക്കപ്പെട്ടു പോകുന്നില്ല. ബർതിമിയൂസിന്റെ ജീവിതം ഇതിനു സാക്ഷ്യം നൽകുന്നു.

**3. അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ അനുഗമിച്ചു**

ബർതിമിയൂസിന്റെ ജീവിതത്തിന്റെ climax കാഴ്ച ലഭിച്ച തുകൊണ്ടു തീരുന്നില്ല. കൃപ ലഭിച്ചതുകൊണ്ടു മാത്രം ജീവിതം പൂർണ്ണമാകുന്നില്ല എന്ന പൂർണ്ണമായ അവബോധം അയാളുടെ ജീവിതത്തെ പുതിയ നിലപാടിലേക്കു നടത്തുന്നു. ലഭിച്ച കൃപ യിൽ ജീവിക്കുവാനുള്ള ഒരു ജീവിത പന്ഥാവ് അയാൾ തിരഞ്ഞെ ടുക്കുകയാണ്. തനിക്കു കാഴ്ച തന്ന ക്രിസ്തു തന്നെ കാണിച്ചു തരുന്ന വഴിത്താരയിലൂടെ നടക്കുവാനായിട്ട് അയാൾ ശ്രമി ക്കുന്നു. കാഴ്ച ലഭിച്ചതിനുശേഷം അയാൾ ക്രിസ്തുവിനെ അനു ഗമിച്ചു എന്നാണ് വി. ഗ്രന്ഥം സാക്ഷ്യപ്പെടുന്നത്. അതിനർത്ഥം അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ, ഉള്ളിൽ സ്വീകരിച്ച ക്രിസ്തു വിനെ പിന്നീടുള്ള ജീവിതകാലം അനുഗമിച്ചു എന്നുള്ളതാണ്.

പിന്നീടുള്ള ജീവിതം സമർപ്പണത്തിന്റെ പാതയിലൂടെ മാത്രം ആയിരുന്നു. ദൈവ കരങ്ങളിൽനിന്ന് കൃപ സ്വീകരിച്ചിട്ട് തനിക്കിഷ്ടമുള്ളിടത്തു പോകാതെ ആ കൃപയിൽ എന്നും നടക്കുവാനായിട്ടും ജീവിക്കുവാനുമായിട്ടുള്ള ഒരു ശ്രമത്തിനായി ഈ നോമ്പിന്റെ കാലത്തിൽ നമുക്കു പരിശ്രമിക്കാം.

**ഉപസംഹാരം**

മർക്കോസിന്റെ സുവിശേഷത്തിൽ യേശുവിനെ ദൈവ പുത്രനായി ഏറ്റു പറയുന്ന മൂന്നു വ്യക്തികളിൽ ഒരാളാണ് ബർതിമിയൂസ്. മറ്റുള്ളവരിൽനിന്നും ഇവനെ പ്രത്യേകതയുള്ളവനാക്കുന്നതും വ്യത്യസ്ഥനാക്കുന്നതും അവന് യേശുവിലുള്ള ആഴമായ വിശ്വാസമാണ്. യേശു തന്റെ അടുക്കൽ വന്നാൽ അവന്റെ അന്ധത പൂർണ്ണമായും സുഖപ്പെടും എന്ന ഉറച്ച വിശ്വാസം യേശുവിനെ അവന്റെ അടുക്കൽ എത്തിച്ചു. പത്രോസ് യേശുവിന്റെ കൂടെ നടന്നു അടയാളങ്ങളും അത്ഭുതങ്ങളും കണ്ടതുകൊണ്ടു യേശുവിനെ ദൈവപുത്രനായി പ്രഖ്യാപിക്കുന്നു. ശതാധിപനെ സംബ ന്ധിച്ചിടത്തോളം യേശുവിന്റെ ചില അത്ഭുതങ്ങളുടെ കേട്ടറിവ് യേശുവിനെ ദൈവപുത്രനാണെന്ന് ഏറ്റുപറയുവാൻ അവനെ പ്രേരിപ്പിച്ചു. എന്നാൽ ബർതിമിയൂസാകട്ടെ കേട്ടറിവു മാത്രമുള്ള ക്രിസ്തുവിനെ ദൈവപുത്രനായി പ്രഖ്യാപിക്കുന്നു. ആഴമേറിയ വിശ്വാസത്തിന്റെ ശക്തമായ പ്രഖ്യാപനമാണിത്. നോമ്പിന്റെ കാലയളവിൽ ഈ തരത്തിലുള്ള ആഴമായ വിശ്വാസത്തിന്റെ അർത്ഥ തലങ്ങളിലേക്കു കടന്നുവരുവാൻ നമുക്കു പരിശ്രമിക്കാം. അർത്ഥമില്ലാത്ത ആചാരങ്ങളും ചടങ്ങുകളും നടത്തുന്നതിൽ പലപ്പോഴും നമ്മൾ കൂടുതൽ ശ്രദ്ധാലുക്കളാണ്. വലിയ നോമ്പിന്റെ ഈ കാലയളവിൽ നോമ്പും ഉപവാസവും പ്രാർത്ഥനയുമെല്ലാം ആഴമായ വിശ്വാസം നഷ്ടപ്പെട്ട വെറും ഒരു നിയമാനുഷ്ഠാനമായിട്ടാണോ നാം നടത്തുന്നതെന്നു നമുക്കു ആത്മശോധന ചെയ്യാം.

# 2013 മാർച്ച് 24

## ഓശാന ഞായർ

യോഹ 11:45-53; ഉത്പ 49:8-12; സഖ 9:8-12; ഏശ 51:9-16; വെളി 7:9-12; റോമാ 11:17-24; യോഹ 12:12-19

**ബ്രദർ എൽദോ ഒ. ഐ. സി.**

"സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറി വരുന്നു." (സഖ 9:9)

താൻ എന്തിനായി ലോകത്തിൽ അവതരിച്ചുവോ ആ ദൗത്യം പൂർത്തിയാക്കാൻ സമയമായി എന്നു മനസ്സിലാക്കിയ യേശുനാഥന്റെ പീഡാനുഭവ രഹസ്യങ്ങളുടെ മുന്നോടിയായി ജറുസലേമിലേക്കു നടത്തിയ രാജകീയ പ്രവേശമാണ് ഇവിടുത്തെ പ്രമേയം. യഹൂദരുടെ ആത്മീയതയുടേയും ദേശീയതയുടേയും സാംസ്ക്കാരികതയുടേയും കേന്ദ്രമായിരുന്നു ജറുസലേം. 'ജറുസലേം' എന്നാൽ 'സമാധാനത്തിന്റെ നഗരം' എന്നാണർത്ഥം ആ പേരിനൊത്ത സമാധാനമൊന്നും അന്നും ഇന്നും നമുക്കവിടെ ദർശിക്കുവാൻ കഴിയുകയില്ല എങ്കിലും അതൊരു മതാത്മകത യുടെ നാടാണ്. ആവേശം കൊടുമ്പിരികൊള്ളിക്കുന്നതാണ് രക്ഷകന്റെ ഈ യാത്ര. അതായത് ജയിച്ചുവരുന്ന രാജാവിനൊരുക്കുന്ന സ്വീകരണം പോലെ. ആ മഹത്വമേറിയ രാജകീയ പ്രവേശത്തെ അനുസ്മരിച്ചുകൊണ്ട് കൈയ്യിൽ കുരുത്തോലയും, അധരങ്ങളിൽ ഓശാന വിളികളുമായി ഇന്ന് ഓശാന തിരുനാൾ നാം ആഘോഷിക്കുന്നു.

മത്താ 21:9-ൽ നാം ഇങ്ങനെ വായിക്കുന്നു; "ദാവീദിന്റെ പുത്രന് ഹോശാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ! ഉന്നതങ്ങളിൽ ഹോശാന." ആപത്തിൽപെട്ട ജനം രാജാവിനോടോ ദൈവത്തോടെ ചെയ്യുന്ന അപേക്ഷയാ

ണിത്. അതായത് ആശയറ്റവന്റെ ശരണം വിളിയാണിത്. 'ഹോശാന' എന്ന പദത്തിന്റെ അർത്ഥം "ഞങ്ങളെ രക്ഷിക്കണമേ" എന്നാണ്. പഴയനിയമത്തിലെ അടിച്ചമർത്തപ്പെട്ടവന്റെ, ഉടയവനുനേരെയുള്ള രക്ഷിക്കണമേ എന്നുള്ള നിലവിളി മാത്രമല്ല ഇത്, എല്ലാം നേടിത്തന്നവന്റെ കൃപയ്ക്കുള്ള മറുപടിയുമാണ് 'ഹോശാന'. അതുകൊണ്ടാണ് ജനങ്ങൾ പൂക്കൾ വാരിവിതറിയത്, വസ്ത്രം വഴിയിൽ വിരിച്ചത്, മരച്ചില്ലകൾക്കൊണ്ട് വീശിയത്, എങ്കിലും ജനം രക്ഷകന്റെ വരവിന്റെ യഥാർത്ഥ ഉദ്ദേശ്യം അറിഞ്ഞിരുന്നില്ല. ഈ ആവേശങ്ങളിലും, ആർപ്പുവിളികളിലും കുടുങ്ങാതെ മുന്നേറിയ മനുഷ്യപുത്രൻ വിഭജനത്തിന്റെ പെസഹായും, നൊമ്പരങ്ങളുടെ ദുഃഖവെള്ളിയും തന്നെ കാത്തിരിക്കുന്നു എന്ന സത്യം അറിഞ്ഞിരുന്നു.

എല്ലാം അറിയുന്ന യേശുനാഥന്റെ മുമ്പിൽ 'ഞങ്ങളെ രക്ഷിക്കണമേ' എന്ന് നാം ആർത്തുവിളിക്കുമ്പോൾ യേശുനാഥൻ കടന്നുവരാൻ ആഗ്രഹിക്കുന്നത് തനിക്കായി ഹൃദയവാതിലുകൾ തുറന്നിടുന്നവരുടെ ജീവിതത്തിലേക്കാണ്. കാരണം വെളിപാടു പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു, "ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേക്കുവരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും" (വെളി 3:19-20). അതേ, ഹൃദയവാതിലുകൾ തുറന്ന് യേശുനാഥനെ ജീവിതത്തിലേക്ക് സ്വാഗതം ചെയ്യുവാൻ ഇന്നത്തെ തിരുക്കർമ്മങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

'കർത്താവിനു ആവശ്യമുള്ള കഴുതയാണ്' ഇന്നു ശ്രദ്ധേയമാകുന്ന കഥാപാത്രങ്ങളിലൊന്ന്. കഴുത മൃഗങ്ങളിൽ ഏറ്റവും ബുദ്ധി കുറഞ്ഞ മൃഗമായാണ് കരുതപ്പെടുന്നത്. വീട്ടുവളപ്പിൽ നിന്നും അല്പം മാറിയാണ് കഴുതയെ ഉടമസ്ഥർ കെട്ടുന്നതുപോലും, അരിശം വരുമ്പോൾ മനുഷ്യർ പരസ്പരം കളിയാക്കി വിളിക്കും 'കഴുതേ' എന്ന്, വിരൂപമായ ഒരു *ആകൃതി*യാണ് കഴുതക്കുള്ളത്. സൗന്ദര്യമില്ലാത്ത, വൃത്തിയും വെടിപ്പുമില്ലാത്ത ഒരു ജീവി. അങ്ങനെ ആർക്കും വേണ്ടാത്ത കഴുതയെക്കുറിച്ചാണ് യേശു പറയുന്നത്, "എനിക്ക് നിന്നേക്കൊണ്ട് ആവശ്യമുണ്ട്" എന്ന് ഇവിടെ പണിക്കാർ ഉപേക്ഷിച്ച കല്ല് മൂലക്കല്ലായി മാറുന്നു.

**വിചിന്തനം**

ഒരു പക്ഷേ നാമും ഈ കഴുതയെപ്പോലെ ആയിരിക്കും; ആർക്കും വേണ്ടാത്തവർ, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവർ, ദാരിദ്ര്യദുഃഖത്താൽ വലയുന്നവർ, സൗന്ദര്യമില്ലെന്ന് കരുതുന്നവർ, രോഗത്താലും പീഡനത്താലും വലയുന്നവർ. നിന്നെക്കൊണ്ടു ഞങ്ങൾക്കാവശ്യമില്ല എന്നു പലരും നമ്മെ നോക്കി പറഞ്ഞിട്ടുണ്ടാകും, പ്രായംചെന്ന മാതാപിതാക്കളെ നോക്കി മക്കൾ പറഞ്ഞിട്ടുണ്ടാകും, പഠിക്കുവാൻ കഴിവു കുറഞ്ഞതു കൊണ്ട് അദ്ധ്യാപകൻ പറഞ്ഞിട്ടുണ്ടാകും, സമൂഹത്തിലെ പ്രധാനികൾ പറഞ്ഞിട്ടുണ്ടാകും. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന തിനാൽ അയൽക്കാർ പറഞ്ഞിട്ടുണ്ടാകും, തീർച്ചയായും ആരെങ്കിലുമൊക്കെ നമ്മോടും പറഞ്ഞിട്ടുണ്ടാകും: “നിന്നെ ക്കൊണ്ട് ഞങ്ങൾക്കാവിശ്യമില്ല” എന്ന്.

പക്ഷേ ക്രിസ്തു ഇന്നു നിന്നെ നോക്കിപ്പറയുന്നു; “എനിക്ക് നിന്നെ ആവശ്യമുണ്ട്.” ജീവിതത്തിന്റെ പ്രതിസന്ധികളിലും പ്രയാസങ്ങളിലും, തകർച്ചകളിലും, വീഴ്ചകളിലുമെല്ലാം നാം പകച്ചുനിന്നു പോകാറുണ്ട്, ഇന്നലെ വരെ കൂടെനിന്ന ചങ്ങാതി ഇന്ന് ജന്മശത്രുവിനേപ്പോലെ പെരുമാറുമ്പോൾ, ഒരേ പാത്രത്തിൽനിന്നും ഭക്ഷിച്ചിരുന്നവർ, ഒരേ കൂരക്കുകീഴിൽ രണ്ടടുപ്പുകളിൽ ഭക്ഷണം പാകം ചെയ്യുമ്പോൾ, ഞാൻ മറ്റുള്ളവർക്ക് ആവശ്യമില്ലാത്തവൻ/വൾ, എന്നുതോന്നാം. എന്നാൽ ഞാനാകുന്ന കഴുതയെക്കൊണ്ടും ദൈവപുത്രന് ആവശ്യമുണ്ട്.

കൈയ്യിൽ കുരുത്തോലയുമായി ദേവാലയത്തിൽ പരിശുദ്ധമായ കുർബാനയിൽ നാം ആയിരിക്കുമ്പോൾ ഓർക്കുക, കൂട്ടിരിക്കുന്ന, കൂടെ നടക്കുന്ന, സാധാരണക്കാരന്റെ തോളിൽ കൈയ്യിട്ട് പുഞ്ചിരിക്കുന്ന, വേദനിക്കുന്നവന്റെ കണ്ണീർ തുടച്ചുകടന്നുവരുന്ന, ദാവീദിന്റെ പുത്രന് നമുക്ക് ഓശാന പാടാം. ഹൃദയവാതിലുകൾ തുറന്നു നാം വിളിക്കുന്ന ഓശാന വിളികൾ ജീവിതത്തിന്റെ ഒറ്റപ്പെട്ട ദുഃഖവെള്ളികളിൽ, തളരാതിരിക്കുവാൻ നമുക്കൊരു സമ്പാദ്യമായി തീരട്ടെ....

“ദാവീദിന്റെ പുത്രന് ഓശാന....”

# 2013 മാർച്ച് 25 തിങ്കൾ

## പരി.ദൈവമാതാവിനോടുള്ള വചനിപ്പ്

യോഹ 1:14-18; ഉത്പ 3:8-19; സഖ 4:1-7; ഏശ 7:10-17; 1 യോഹ 3:1-10; എബ്രാ 6:13-20; ലൂക്കാ 1:26-38

**ബ്രദർ ജോർജ് അഭയാനന്ദ് ഒ. ഐ. സി.**

ആദ്യമാതാവായ ഹവ്വായിലൂടെ പാപം ലോകത്തിൽ പ്രവേശിച്ചവെങ്കിൽ ലോകമാതാവായ മറിയത്തിലൂടെ രക്ഷ ലോകത്തിൽ ഉദയം ചെയ്യുന്നു. ആ രക്ഷാകരമായ അറിയിപ്പാണ് വചനിപ്പു തിരുനാളായി നാം ആഘോഷിക്കുന്നത്. നമ്മുടെ സഭാപാരമ്പര്യത്തിലെ സുപ്രധാന തിരുന്നാളുകളിൽ ഒന്നാണ് വചനിപ്പ് തിരുനാൾ. ലോകത്തിന്റെ അമ്മയാകുവാനുള്ള വിളി മറിയത്തിനു ലഭിച്ച ദിവസം. മാലാഖ മറിയത്തിനു പ്രത്യക്ഷപ്പെടുന്നതും, ഒരു ദൗത്യം ഭരമേൽപ്പിക്കുന്നതും, മറിയത്തിന്റെ ആത്മസമർപ്പണവുമാണ് ഇന്നത്തെ വേദഭാഗത്തിന്റെ ഉള്ളടക്കം.

സ്ത്രീകളേയും കുട്ടികളേയും വിജാതീയരേയും ഒന്നുപോലെ അവഗണിക്കുകയും സമൂഹത്തിൽ ഒരു സ്ഥാനവും നൽകാതിരിക്കുകയും ചെയ്തിരുന്ന ഒരു സമൂഹത്തിൽ സ്ത്രീകളും കുട്ടികളും വിജാതീയരുമെല്ലാം യഹൂദ പുരുഷൻമാരെപ്പോലെത്തന്നെ ദൈവകൃപയുള്ളവരാണെന്നും രക്ഷ ആരിലൂടെയും കടന്നുവരാമെന്നും ദൈവസ്നേഹം എല്ലാവർക്കും ഒന്നുപോലെ ലഭിക്കുന്നതാണെന്നുമുള്ള വലിയ സത്യം നമുക്കു മനസ്സിലാക്കി തരുന്നു. തിരഞ്ഞെടുക്കപ്പെട്ട ഏതെങ്കിലും വ്യക്തികൾക്കോ സമൂഹത്തിനോ മാത്രമുള്ള ഒന്നല്ല രക്ഷ എന്ന വലിയ സത്യം നമ്മെ പഠിപ്പിക്കുന്നു. ഈ ആശയം തന്നെയാണ് നല്ല സമറിയാക്കാരന്റെ ഉപമയിലൂടെയും (10:22-37) വിധവയുടെ കാണിക്കയുടേയും (21:1-4) ഫരിസേയന്റേയും ചുങ്കക്കാരന്റേയും ഉപമയിലൂടെയും (18:9-14) ലൂക്കാ സുവിശേഷകൻ വരച്ചു കാട്ടുന്നത്. വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു “എല്ലാ

വരും സത്യം അറിയണമെന്നും രക്ഷിക്കപ്പെടണമെന്നുമാണ് അവിടുന്നു ആഗ്രഹിക്കുന്നത്.” (1 തീമോ 2:4).

തന്നെക്കുറിച്ചുള്ള ദൈവിക പദ്ധതി അറിയുമ്പോൾ മറിയത്തിനു സംശയമാണുണ്ടാകുന്നത്. ഇതെങ്ങനെ സംഭവിക്കും എന്നവൾ തന്റേടത്തോടെ ചോദിക്കുകയും ചെയ്യുന്നു. ഇവിടെയാണ് മറിയം നമ്മിൽ നിന്നും വ്യത്യസ്ഥയാകുന്നത്. ദൈവ ഇടപെടലിൽ സംശയമുളവായപ്പോൾ അവൾ സംശയനിവാരണം നടത്തുന്നത് ദൈവദൂതനോടുതന്നെയാണ്. തന്റെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്കു സകലവും നന്മയ്ക്കായി പരിണമിപ്പിച്ചിരിക്കുന്നു എന്ന സത്യം മനസ്സിലാക്കി മറിയം ദൈവ ദൂതന് അനുസരണം വാഗ്ദാനം ചെയ്യുന്നു. നമ്മുടെ ദൈവിക പദ്ധതിയുമായി നാം മുന്നോട്ടു പോകുമ്പോൾ ചോദ്യങ്ങളും പ്രതിസന്ധികളും നമുക്കും ധാരാളം ഉണ്ടാകും. അപ്പോൾ നാം ആശ്രയിക്കുന്നത് ആരിലാണ്? നമ്മുടെ കഴിവിൽ? സമ്പത്തിൽ? അധികാരത്തിൽ? അതോ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായ ദൈവസന്നിധിയിലോ?

ദൈവപുത്രന്റെ അമ്മയാകാനുള്ള യോഗ്യതയായി മറിയത്തിൽ കാണുന്നത് അവളുടെ എളിമയാണ്. ദൈവകുമാരന്റെ അമ്മയാകുന്നു എന്ന് മംഗളവാർത്ത അറിഞ്ഞ മറിയം പറയുന്നത് ഇതാ ഞാൻ കർത്താവിന്റെ ദാസി എന്നാണ്. ദൈവസന്നിധിയിൽ തനിക്ക് അഹങ്കരിക്കുവാൻ ഒന്നുമില്ല എന്നു മറിയത്തിന് അറിയാമായിരുന്നു. താനെന്തായിരിക്കുന്നുവോ അതു ദൈവ കൃപയാലാണെന്ന് അവൾ വിശ്വസിച്ചിരുന്നു. ഈ എളിമയ്ക്കു മുന്നിലാണ് ദൂതൻ ഭവ്യതയോടെ മറുപടി നൽകുന്നത്. ദൈവ കൃപ ലഭിച്ച നമുക്കും മറിയത്തെപ്പോലെ സ്വയം താഴ്മയുള്ളവരായി തീർന്നാൽ ദൈവകുമാരൻ നമ്മുടെ ഉള്ളിലും വന്നു പിറക്കാൻ പര്യപ്തമായ ആലയമായിത്തീരും. അതിനു നമുക്കു നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിക്കാം.

# 2013 മാർച്ച് 28

## പെസഹാ വ്യാഴം

പുറ 12:1-14; ലേവ്യ 16:1-10; എസെ 45:18-25; വെളി 19:5-16; 1 കൊരി 11:23-34; ലൂക്കാ 22:14-23

**ബ്രദർ സൈജു കുര്യൻ ഒ. ഐ. സി.**

"പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ നിങ്ങൾ ആചരിക്കണം. കാരണം, ഈ ദിവസമാണ് ഞാൻ നിങ്ങളുടെ വ്യൂഹങ്ങളെ ഈജിപ്തിൽ നിന്നു കൊണ്ടുവന്നത്. നിങ്ങൾ തലമുറ തോറും ഈ ദിവസം ആചരിക്കണം. ഇത് എന്നേക്കുമുള്ള എന്റെ കൽപ്പനയാണ്" (പുറ 12:17). പെസഹാ വ്യാഴാഴ്ച രണ്ടു സുപ്രധാന സംഭവങ്ങളാണ് നാം അനുസ്മരിക്കുന്നത്. ഒന്ന്, മനുഷ്യ വർഗ്ഗത്തോടുകൂടി എന്നും ആയിരിക്കുവാൻ ആഗ്രഹിച്ചു കൊണ്ട് തന്നെത്തന്നെ വിജചിച്ചു നൽകി വിശുദ്ധ കുർബാന സ്ഥാപിച്ച ദിനം. രണ്ട്, ശിഷ്യൻമാരുടെ പാദങ്ങൾ കഴുകി മാനവകുലത്തിനു നൽകിയ സ്നേഹത്തിന്റെയും ത്യാഗത്തിന്റേയും മഹത്തായ മാതൃക.

പെസഹാ, സ്വാതന്ത്ര്യത്തിലേക്കുള്ള ഒരു കടന്നു പോകലിനെയാണ് സൂചിപ്പിക്കുന്നത്. പഴയനിയമത്തിലെ പെസഹാ ഒരു പുറപ്പാടിന്റെ ചരിത്രമാണ്. അടിമത്ത്വത്തിന്റെ ഈജിപ്തിൽനിന്ന് തേനും പാലും ഒഴുകുന്ന കാനാൻ ദേശത്തേക്കുള്ള ശ്രമകരവും സുദീർഘവുമായ പ്രയാണത്തിന്റെ തുടക്കം. സ്വന്തമായൊരു നാടും മേൽവിലാസവുമില്ലാതെ നിസ്സഹായരായ ഇസ്രായേൽ ക്കാരെ ഫറവോയുടെ അടിമത്വത്തിൽ നിന്നും മോചിപ്പിച്ചു വാഗ്ദാനത്തിന്റെ നാട്ടിലേക്കു കൊണ്ടുവന്ന് ഒരു ജനതയാക്കി മാറ്റിയതു ശക്തനായ യഹോവയുടെ അദൃശ്യമായ കരങ്ങളായിരുന്നു. ഈ തിരുനാൾ, പാപത്തിന്റെ ദാസ്യത്തിൽ നിന്ന് ദൈവപുത്രസ്വാതന്ത്ര്യത്തിലേക്കുള്ള കാൽവയ്പാണ്. പഴയനിയമത്തിലെ പെസഹാ

അടിമത്ത്വത്തിൽ നിന്നുള്ള വിമോച നത്തെ അനുസ്മരിക്കുമ്പോൾ പുതിയ നിയമത്തിലെ പെസഹാ പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്നു.

പെസഹാ അപ്പവും ബലിയുമായി മാറിയതിന്റെ ഓർമ്മയാണ്. അന്ത്യ അത്താഴവേളയിൽ അപ്പമെടുത്ത് പിതാവിന് സമർപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ ഹൃദയം തുടിച്ചിട്ടുണ്ടാകും. കാരണം, ഈ അപ്പം പിതാവിനുവേണ്ടി പുത്രൻ ഏറ്റെടുത്തതും ഏറ്റെടുക്കാൻ പോകുന്നതുമായ ആത്മത്യാഗങ്ങളുടെ ആകെതുകയാണ്. ഈ അപ്പം ജീവിതത്തിന്റെ പ്രതീകമാണ്. ക്രിസ്തു അപ്പമെടുത്ത് ഉയർത്തിയത് അതു മുറിക്കപ്പെടാനായിരുന്നു. ബലി, നുറുക്കപ്പെടലാണ്, തകർക്കപ്പെടലാണ്. പഴയനിയമത്തിൽ ഒരു നീതിമാന്റെ സഹനത്തെക്കുറിച്ചുള്ള വിവരണമുണ്ട്, നീതിമാനായ ജോബ്. തീരാദുഃഖങ്ങളുടെ ഉമിത്തീയിൽ വല്ലാതെ നീറുന്ന ജോബ് ദൈവത്തോടു ചോദിക്കുന്നുണ്ട്. "ദൈവമേ, എന്തുകൊണ്ടു ഒരു നീതിമാന് സഹിക്കേണ്ടി വരുന്നു.?' ജോബിന്റെ ചോദ്യത്തിനു ദൈവം വ്യക്തമായ ഉത്തരം നൽകുന്നില്ല. എന്നാൽ പുതിയനിയമത്തിൽ ഇതിനു സമാനമായ ഒരു ചോദ്യമുണ്ട്; കുരിശിലെ നിലവിളിയാണ് അത്. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ഉപേക്ഷിക്കപ്പെട്ടവൻ, കണ്ണീരോടെ, നെഞ്ചിൽ തീയോടെ ദൈവത്തോടു ചോദിക്കുകയാണ് "*എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്തുകൊണ്ട്?*". നിന്റെ മനസ്സിലായിരുന്നല്ലോ എന്റേത്, നിന്റെ വാക്കായിരുന്നല്ലോ എന്റെ കർമ്മം, എന്നിട്ടും എന്തേ നീ എന്നെ ഉപേക്ഷിച്ചു?

പെസഹാ, തന്റെ ശരീരവും രക്തവും മനുഷ്യകുലത്തിനു നൽകിയ ദൈവവും മനുഷ്യനുമായവന്റെ തിരുന്നാളാണ്. ഓർമ്മയ്ക്കായി പലരും സമ്മാനങ്ങൾ നൽകാറുണ്ട്, പുഷ്പങ്ങൾ നൽകാറുണ്ട്, സ്മാരകങ്ങൾ പടുത്തുയർത്തിയ ചരിത്രങ്ങളുണ്ട്. എന്നാൽ ഒരായുസ്സുമുഴുവൻ എന്നല്ല, യുഗാന്ത്യം വരെയും അവിസ്മരണീയമായി നിലകൊള്ളുന്ന പച്ചകെടാത്ത ഓർമ്മയായി "*ഇതെന്റെ ശരീരമാണ് ഭക്ഷിക്കുക, ഇതെന്റെ രക്തമാണ് കുടിക്കുക*" എന്നു പറഞ്ഞ ദിവ്യഗുരുവിന്റെ മാതൃക

ഓർമ്മകളെക്കാളുപരി ഉയിരിന്റെ ഭാഗമായി മാറണം. ഓർമ്മയ്ക്കായി ശരീരം മുറിച്ച് അപ്പമായി നൽകിയവനെ ആർക്കാണ് തള്ളികളയുവാൻ ആവുക! ഇന്നത്തെ പെസഹാ, സ്നേഹ വിപ്ലവത്തിൽ പങ്കാളിയാകുവാൻ നമ്മെ ക്ഷണിക്കുന്നു. നമ്മുടെ നന്മ പ്രവൃത്തികൾ മറ്റുള്ളവരുടെ മുമ്പിൽ എടുത്തു വച്ചുകൊണ്ട് *"ഇതെന്റെ രക്തമാണ്, ഇതെന്റെ മാംസമാണ് എടുത്തുകൊൾക."* എന്ന് പറയുവാൻ തക്കവണ്ണം നമ്മുടെ ഹൃദയം തുടിക്കണം. കാരണം ക്രൈസ്തവന്റെ യാത്ര മറക്കാനാകാത്ത ഓർമ്മയായവന്റെ പിന്നാലെയുള്ള യാത്രയാണ്.

പെസഹാ, ''*ദാസനായി തീർന്നവന്റെ*'' ഓർമ്മയാണ്. അന്ത്യഅത്താഴ സമയത്തെ മറ്റൊരു ഹൃദയസ്പർശിയായ രംഗമാണ് അവിടുന്നു നടത്തിയ പാദക്ഷാളനം. പാദങ്ങൾ കഴുകുക അടിമകളുടെ പണിയാണ്. യജമാനന്റെ പൊടിയും ചെളിയും പിടിച്ച പാദങ്ങൾ മനസ്സില്ലാ മനസ്സോടെ അടിമകൾ കഴുകി തുടച്ചിരുന്നു. എന്നാൽ ഇവിടെ നാഥനും, ഗുരുവുമായവൻ തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകി ചുംബിക്കുന്നു. അതായത്, ദ്രോഹിയും കുറ്റക്കാരനുമായ യൂദാസിന്റെ പാദങ്ങൾ കഴുകി തുടച്ചു. കേവലം ഒരു വേലക്കാരി പെണ്ണിന്റെ മുമ്പിൽ വച്ചു എനിക്ക് അവനെ അറിയില്ലാ എന്ന് ആണയിട്ടു പറഞ്ഞ പത്രോ സിന്റെ പാദങ്ങൾ കഴുകി. അതായത് ശത്രുവിനേയും തള്ളിപറയുന്നവനേയും, ഒറ്റുകാരനേയും സ്നേഹിക്കുവാൻ പഠിപ്പിച്ച ഗുരുവിന്റെ ജീവിതം മാതൃകയും വഴികാട്ടിയും ആയിത്തീരുന്നു.

ഫിലി 2:7-ൽ നാം വായിക്കുന്നുണ്ട് *"അവൻ തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു"*. ആ ക്രിസ്തുവിന്റെ അനുയായികളായ നമ്മുടെ ജീവിതം ഇന്ന് എവിടെയാണ്? ഈ പെസഹാ നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കട്ടെ. കാലുവാരലിന്റേയും, കാലുമാറ്റത്തിന്റേയും ആധുനിക യുഗത്തിൽ വിനയവും എളിമയുംകൊണ്ട് സ്നേഹത്തിന്റെ കോട്ടകൾ പണിയാം. മനുഷ്യ ബന്ധങ്ങൾക്കു വില കൽപ്പിക്കാത്ത ലോകത്തിൽ ശൂന്യമാക്കലിന്റെ പാഠങ്ങൾ പകർന്നു നൽകാം. വലുപ്പത്തിന്റെ മേലങ്കി മാറ്റി ശൂന്യവൽക്കരണത്തിന്റെ മാതൃക നൽകാം.

അപരന്റെ മുമ്പിൽ മുട്ടുകുത്തി "സ്നേഹിതാ നീ എന്നേക്കാൾ വലിയവനാണ്, നീ എനിക്കു വിലപ്പെട്ടവനാണ്" എന്നു പറയുവാൻ സാധിക്കുന്ന ഒരു വിശാല മനസ്സിനു ഉടമയായി മാറാം.

ഇന്ന് ഈ ബലിവേദിയിൽ ബലിയർപ്പണത്തിനായി അണയുമ്പോൾ ഓർക്കുക, യേശു മനുഷ്യവർഗ്ഗത്തിനു നൽകിയ ഏറ്റവും വലിയ ദാനമാണ് വി. കുർബാന. മനുഷ്യവർഗ്ഗത്തോടുള്ള തന്റെ വറ്റാത്ത സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകടമാണിത്. ഒ. എൻ. വി. കുറുപ്പിന്റെ *'പാളങ്ങൾ'* എന്ന കവിതയിൽ ഒന്നും ഇല്ലായ്മയിൽ പോലും എല്ലാം പങ്കുവയ്ക്കുന്ന ഒരു യാചക കുടുംബത്തിന്റെ കഥ പറയുന്നുണ്ട്. ഇതുപോലെ വി. കുർബാന ഒരു സ്വയം ദാനത്തിന്റെ പ്രതീകമാണ്, സ്വർഗ്ഗത്തിൽനിന്നും മനുഷ്യരിലേക്കുള്ള അടങ്ങാത്ത സ്നേഹ പ്രവാഹമാണ്.

പ്രിയപ്പെട്ടവരേ, പഴയ പെസഹാ ദൈവത്തിന്റെ രക്ഷാകരമായ വഴി നടത്തിപ്പിന്റെ ഓർമ്മയാണെങ്കിൽ പുതിയ പെസഹാ സ്വന്തം മാംസരക്തങ്ങൾ നമുക്കായി വിളമ്പിയ ദൈവസ്നേഹത്തിന്റെ ആഘോഷമാണ്. മറ്റൊരു പെസഹാ വ്യാഴം കൂടി നമ്മെ കടന്നുപോകുമ്പോൾ സ്വയസമർപ്പണത്തിന്റേയും ത്യാഗത്തിന്റേയും അന്തസത്ത നമുക്കുൾകൊള്ളാം. നമ്മെ നോവിച്ചവർക്കൊക്കെ നമ്മുടെ ഹൃദയത്തിൽ ഇടം കൊടുക്കാം. ഈ പരിശുദ്ധമായ ബലിയർപ്പണം നമുക്കൊരു അനുഭവമാകട്ടെ, ഓർമ്മയാകട്ടെ. ഈ പെസഹാ ബലി "*നമുക്കു ആദ്യബലിയാണ്, ഏക ബലിയാണ്, അന്ത്യബലിയാണ്.*" ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും നമുക്കിതിൽ പങ്കുകാരാകാം. നമുക്കു മറ്റുള്ളവർക്കുവേണ്ടി അപ്പമായി തീരാം. അപ്പമായവൻ നമ്മുടെ ഹൃദയത്തിൽ ഇടം കണ്ടെത്തട്ടെ.

# 2013 മാർച്ച് 29 വെള്ളി

## ദുഃഖവെള്ളി

**ബ്രദർ സുമിത്ത് നിക്കോളാസ് ഒ. ഐ. സി.**

മാനവരാശിയുടെ സമഗ്രവിമോചനത്തിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ സ്വയം സമർപ്പണത്തിന്റെ അനശ്വരമായ ഓർമ്മകളിലൂടെ നാം കടന്നുപോകുന്ന ദിനമാണല്ലോ ദുഃഖവെള്ളി. മണിനാദം നിലച്ച പ്രഭാതവും അലങ്കാരങ്ങളില്ലാത്ത മദ്ബഹായും ദുഃഖം ഘനീഭവിച്ചുകിടക്കുന്ന പീഡാനുഭവസ്മരണകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന ദിനം. അനന്തമായ പീഡനങ്ങളിലൂടെ കടന്ന് ക്രൂരമായ അവഗണനയുടെയും പരിഹാസങ്ങളുടെയും നടുവിൽ യേശു കുരിശിൽ മരിച്ചതിന്റെ ഓർമ്മകൾ നമ്മെ വല്ലാതെ വേദനിപ്പിക്കുന്നതുകൊണ്ടാവണം നാം ഈ ദിനത്തെ ദുഃഖവെള്ളി എന്നു വിളിച്ചുതുടങ്ങിയത്. എന്നാൽ യേശുവിന്റെ പീഢാസഹനം നമ്മോടുള്ള സ്നേഹത്തിന്റെ ആവിഷ്കാരവും നമ്മെ രക്ഷിക്കുവാനും വേണ്ടിയാണ് എന്ന തിരിച്ചറിവ് ഈ ദുഃഖവെള്ളി, സന്തോഷവെള്ളി (Good Friday) ആക്കി മാറ്റുന്നു. മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ സ്നേഹം പൂർണ്ണമായും വെളിപ്പെടുത്തപ്പെട്ടതിന്റെ സന്ദേശമാണ് ഓരോ ദുഃഖവെള്ളിയും നൽകുന്നത്.

മനുഷ്യമക്കളോടുള്ള അനന്തമായ സ്നേഹം ദൈവം വെളിപ്പെടുത്തിയത് തന്റെ ഏകപുത്രനെ ലോകത്തിനു നൽകിക്കൊണ്ടാണ്. “തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ 3:16) ഗാഗുൽത്താ ഭൗതിക ജീവിതത്തിന്റെ പൂർണ്ണവിരാമമാണ്, ഗാഗുൽത്തായുടെ മാറിൽ കുരിശിന്റെ വാതായനത്തിലൂടെ നോക്കിയാൽ കടന്നുപോകുന്ന ജീവിതത്തിന്റെ നേർക്കാഴ്ച സംലഭ്യമാകും. ആ കാഴ്ച ഒരുപാടു നമ്മെ ചിന്തിപ്പിക്കും. നമ്മിൽ ഏറെ മാറ്റം വരുത്തും. ഇന്ന് കാൽവരിയിലെ കുരിശിനെക്കുറിച്ച് ധ്യാനിക്കുമ്പോൾ മൂന്നു ചോദ്യങ്ങൾ നമ്മുക്ക് മുമ്പിൽ നില്ക്കുന്നു.

ഒന്നാമത്തെ ചോദ്യം ആരാണ് കുരിശിൽ മരിച്ചത്?, ഒരു വിപ്ലവകാരി? ഒരു സാമൂഹ്യപ്രവർത്തകൻ? അത്ഭുതപ്രവർത്ത കൻ? വിമോചകൻ? കാൽവരിയിൽ മരിച്ചത് വെറുമൊരു വിപ്ലവ കാരിയോ, സാമൂഹ്യപ്രവർത്തകനോ അത്ഭുതപ്രവർത്തകനോ വിമോചകനോ മാത്രമാണെങ്കിൽ കാൽവരിയിൽ നാട്ടപ്പെട്ട കുരിശ് നിസ്തുലമല്ല. അതിനു പ്രത്യേകതയൊന്നും പറയാനുണ്ടാകില്ല. കാരണം, ചരിത്രത്തിൽ എത്രയോ വിപ്ലവകാരികളും, വിമോച കരും, അത്ഭുതപ്രവർത്തകരും അതിനിഷ്ഠൂരമായി കൊല ചെയ്യ പ്പെട്ടിരിക്കുന്നു. എന്നാൽ കാൽവരിയിൽ കൊല ചെയ്യപ്പെട്ടത് ത്രിത്വത്തിലെ രണ്ടാമത്തെയാളായ പുത്രൻ തമ്പുരാനാണ്. കാൽ വരിയിൽ ദൈവം തന്നെ ക്രൂശിക്കപ്പെടുകയാണുണ്ടായത്. കാൽവരിയുടെ നിസ്തുലത അവിടെ ദൈവപുത്രൻ ക്രൂശിക്ക പ്പെട്ടു എന്നതാണ്. അതിനെപ്പറ്റി വി. പൗലോസ് ശ്ലീഹ പറയുന്നത് ഇപ്രകാരമാണ് “ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ- അതെ കുരിശുമരണം വരെ അനുസരണയുള്ളവനായി തന്നെ ത്തന്നെ താഴ്ത്തി ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു” (ഫിലിപ്പി 2:6-10). കാൽവരിയിൽ മരിച്ചത് മനുഷ്യ നായിത്തീർന്ന ദൈവമാണ്. കാൽവരി നിസ്തുലമാകുന്നത് ഇതുകൊണ്ടു തന്നെയാണ്. ചരിത്രത്തിലെ ഒറ്റപ്പെട്ട സംഭവമാണ് കാൽവരി.

രണ്ടാമത്തെ ചോദ്യം-എന്തുകൊണ്ട് യേശുക്രിസ്തു ഇപ്രകാരം ഒരു മരണം തിരഞ്ഞെടുത്തു? ദൈവശാസ്ത്രജ്ഞ ന്മാരും തത്വചിന്തകരും ഈ ചോദ്യത്തിന് നിരവധി ഉത്തരങ്ങൾ നല്കുവാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ ഇതിന്റെ യഥാർത്ഥ ഉത്തരം യോഹന്നാന്റെ സുവിശേഷത്തിൽ കാണുവാൻ സാധിക്കും “എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോ

കാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). ദൈവം സ്നേഹമായതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. താൻ സൃഷ്ടിക്കുകയും പരിപാലിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന മനുഷ്യനുവേണ്ടിയാണ് ദൈവം കാൽവരിയിൽ മരിച്ചത്. "പെറ്റമ്മയ്ക്കു തന്റെ കുഞ്ഞിനെ മറക്കുവാൻ കഴിയുമോ? പെറ്റമ്മ മറന്നാലും ദൈവം നമ്മെ ഒരിക്കലും മറക്കില്ല" (ഏശയ്യ 49:15-16) താൻ സ്നേഹിക്കുന്ന മനുഷ്യർക്കുവേണ്ടി തന്നെത്തന്നെ നല്കുന്ന ദൈവത്തെയാണ് ക്രൂശിതനായ യേശുക്രിസ്തുവിൽ നമ്മൾ കാണുന്നത്. ദൈവം സ്നേഹമായതുകൊണ്ടാണ് കാൽവരി തിരഞ്ഞെടുത്തത്.

മൂന്നാമത്തെ ചോദ്യം- കാൽവരിയിലെ യേശുക്രിസ്തുവിന്റെ മരണവും എന്റെ ജീവിതവും തമ്മിലുള്ള ബന്ധമെന്താണ്? കുരിശിൽ കിടക്കുന്ന യേശു നമ്മോടു ഇപ്രകാരം പറയുന്നുണ്ട്. "നിനക്കു വേണ്ടിയാണ് ഞാൻ മരിച്ചത്. നിന്റെ രക്ഷയ്ക്കുവേണ്ടിയാണ് ഞാൻ ത്യാഗം സഹിച്ചത്. എന്റെ മരണമാണ് നിന്നെ രക്ഷിക്കുന്നത്. നിന്റെ പാപങ്ങൾ കഴുകിക്കളയുന്നത് എന്റെ കുരിശിലെ ബലിയാണ് സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലായെന്ന് പഠിപ്പിച്ച യേശുക്രിസ്തുവിന്റെ ദർശനം ഉൾക്കൊണ്ട് നമുക്കു ജീവിക്കാം.

**വിചിന്തനം**

യേശുവിന്റെ സഹനങ്ങളോടുള്ള ഒരു സഹതാപത്തിൽ മാത്രമായി നാം ഒതുങ്ങിപോകാതെ, അനുദിന ജീവിതത്തിൽ നാം കണ്ടുമുട്ടുന്നവരിൽ കാൽവരി നാഥന്റെ പ്രതിരൂപങ്ങളെ കാണുന്നതിനും അവരുടെ സഹനങ്ങളാകുന്ന കുരിശുകളെ താങ്ങി സഹായിച്ചുകൊണ്ട് അവരുടെ വേദനകളെ നമ്മുടെ വേദനകൾ ആക്കുന്നതിനു നമ്മുക്ക് സാധിക്കണം. അപ്പോൾ നമുക്കു പറയാൻ സാധിക്കും യേശു എനിക്കുവേണ്ടി മരിച്ചു. അതിനാൽ ഞാൻ അവനുവേണ്ടി ജീവിക്കും. ഒരേസമയം തന്നെ പീഢയേൽക്കുകയും പീഢിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന യേശു, അവിടുത്തെ അനുഗമിക്കുന്നവർ

എന്ന നിലയിൽ നമുക്കു ഒരു വെല്ലുവിളി ആകുന്നു നാം. കുരിശെടുത്തു കാൽവരി കയറുന്ന ക്രിസ്തുവിന്റെ പിന്നാലെയാണ് നാം നീങ്ങേണ്ടത്. അതിനാൽ നാം കുരിശെടുത്തേ തീരൂ. "ആരെങ്കിലും എന്റെ പിന്നാലെ വരുന്നെങ്കിൽ സ്വന്തം കുരിശെടുത്തുകൊണ്ട് അവൻ എന്റെ പിന്നാലെ വരട്ടെ" (മർക്കോ 8:35) കുരിശെടുക്കാതെ ജീവിതത്തിന്റെ കാൽവരി കയറുവാൻ കഴിയുകയില്ല. യേശുവിനെ അനുഗമിക്കാനും സാധ്യമല്ല. കുരിശെന്നും കുരിശു തന്നെയാണ്. അതിന് അതിന്റേതായ അനിവാര്യമായ കയ്പുണ്ട്. അസഹനീയമായ വേദനയും ജീവിതത്തിൽ അതൊരു പ്രശ്നമാണ്. പക്ഷേ മുമ്പേ നടന്നു നീങ്ങുന്നത് യേശുവാണ്. -ക്രൂശിതനായ യേശുവാണ് അതിനുത്തരം.

"Cross is a problem but crucifix is the solution (-Fulton J. Sheen)

✵

# 2013 മാർച്ച് 31 ഞായർ

# കംന്ത്യാ (ഉയിർപ്പ് പെരുന്നാൾ)

മത്താ 28:1-10; പുറ 40:1-15; പ്രഭാ 30:21-24; ഏശ 57:14-21; അ.പ്ര. 2:29-36; 1 കൊരി 15:1-11; യോഹ 20:1-10

**ബ്രദർ ഗീവർഗീസ് പണിക്കർ ഒ. ഐ. സി.**

നോമ്പ്, നിഷ്ഠ, നമസ്കാരം എന്നിവയാൽ ആത്മ, ശരീര മനസ്സുകളെ നിയന്ത്രിച്ചു ചിട്ടയായ ഒരു തീർത്ഥാടനത്തിന്റെ തീരവും തുറമുഖവും കണ്ടെത്തി ഉത്ഥാനതിരുനാൾ വന്നണഞ്ഞിരിക്കുന്നു. ആണ്ടുതോറും ആഘോഷിക്കുന്ന കേവലം ഒരു അനുസ്മരണയല്ല, മറിച്ച് നിരന്തരമായ ഒരു അനുഭവത്തിന്റെ യാഥാർത്ഥ്യമാണ് ഉയിർപ്പു പെരുനാൾ. ആ യാഥാർത്ഥ്യം തന്നെയാണല്ലോ നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു. ആ അനുഭവങ്ങൾ ഉൾകൊള്ളുന്നതാണ് നമ്മുടെ എല്ലാ ഞായറാഴ്ചകളും. ഇന്നും എന്നും ദൈവത്തിന്റെ നിത്യതയെ പ്രഘോഷിച്ച്, ആ നിത്യതയുടെ നിർവൃതി നന്നായി നുകരുന്ന സുദിനം.

“ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം” (1 കോരി 15:14). ഇതായിരുന്നല്ലോ പൗലോസ് അപ്പോസ്തോലന്റെ സാക്ഷ്യം. വിശ്വാസം ശുഷ്കവും സുവിശേഷം ശൂന്യവുമാകാതിരുന്നതിന് നിദാനമായ യേശുക്രിസ്തുവിന്റെ ഉയിർപ്പ് സഭയുടെ ആരാധനാ ജീവിതത്തിന്റെ ആരംഭവും അടിസ്ഥാനവുമാണ്; അതോടൊപ്പം വിശ്വാസികളുടെ വിശ്വാസത്തിന്റേയും പ്രത്യാശയുടെയും നങ്കൂരവും.

**ഉയിർപ്പ് ശൂന്യതയുടെ മരവിപ്പ് മാറ്റുന്നു**

നാം വായിച്ചു കേട്ട വേദഭാഗത്തിൽ ശ്രദ്ധിക്കപ്പെടാത്ത അല്ലെങ്കിൽ ഒഴിവാക്കിയേക്കാവുന്ന ഒരു വ്യക്തിയാണ് മഗ്ദലനമറിയം. യേശുവിനെ സംസ്കരിച്ചതിനു ശേഷം മറിയം ഏറെ ദുഃഖിത

യായിരുന്നു. ഏകാന്തത അവളെ അലട്ടിയിരുന്നു. തന്റെ ജീവിതത്തിൽ യേശുവിനു നൽകിയിരുന്ന സ്ഥാനത്തിന്റെ മഹിമയാണ് യേശുവിന്റെ മരണത്തോടെ അവൾക്കു നഷ്ടപ്പെട്ടത്. ആ നഷ്ടബോധത്തിന്റെ, ഏകാന്തതയുടെ ആഴം കുറയ്ക്കുവാനാണ് യേശുവിന്റെ കല്ലറ അവൾ സന്ദർശിച്ചത്.

ഗുരുവിനോടുള്ള നന്ദിയുടേയും സ്നേഹത്തിന്റേയും ആപ്തിയും വ്യാപ്തിയും നിറഞ്ഞു നിന്ന മറിയം കല്ലറയ്ക്കു സമീപം എത്തി. ആ കല്ലറ കണ്ട് അവൾ അത്ഭുതസ്തബ്ധയായി. കല്ലുകൊണ്ടു കവാടം അടച്ചതും മുദ്രവച്ചതുമായ കബർ തുറന്നു കിടക്കുന്നു. അതിനു സമീപം മൃതദേഹം പൊതിഞ്ഞ ശീലകളും തലക്കെട്ടും കിടക്കുന്നത് അകക്കണ്ണുള്ള യോഹന്നാൻ ശ്ലീഹാ കണ്ടെത്തി. മൂന്നു നാൾ കഴിഞ്ഞ് ഉത്ഥാനം ചെയ്യുമെന്നുള്ള ഗുരുവചനം വിശ്വാസിയായ യോഹന്നാൻ അനുസ്മരിച്ചത് പത്രോസിനെ അവർ അറിയിച്ചു. ഉയിർപ്പിൽ വിശ്വസിച്ച് അവർ സ്വഭവനങ്ങളിലേക്കു മടങ്ങുകയും ചെയ്തു.

മഗ്ദലേന മറിയത്തിന്റെ ജീവിതത്തിൽ യേശുവിനെ നഷ്ടപ്പെട്ടു എന്ന വേദന അവളിൽ ശൂന്യത ഉളവാക്കിയിരി ക്കണം. ആ നഷ്ടം അവൾക്കു സഹിക്കാവുന്നതായിരുന്നില്ല. അതിനാൽ തന്നെ യേശുവിലേക്കും സാന്നിദ്ധ്യത്തിന്റെ സാധ്യതകളിലേക്കും തിരികെ പോരുവാനുള്ള ഒരവസരവും അവൾ പാഴാക്കിയില്ല.

ഇവിടെ മഗ്ദലേന മറിയത്തിന് ഉണ്ടായിരുന്ന ശൂന്യത, നമ്മളിൽ വെല്ലുവിളി ഉയർത്തുന്നു. ഇന്ന് അവന്റെ കുറവ് നമ്മളിൽ അനുഭവപ്പെടുന്നുണ്ടോ? അവന്റെ അസാന്നിധ്യം നമ്മുടെ ജീവിതത്തിൽ നഷ്ടബോധം ഉണ്ടാക്കാറുണ്ടോ? ഇവ നമുക്കു അനുഭവിക്കാൻ ആകുന്നില്ല എങ്കിൽ ഉയിർപ്പിന്റെ മനോഹാരിതയും അനുഭവവും നമുക്ക് ഉൾക്കൊള്ളാനാകില്ല. ഒരു പക്ഷേ, നമ്മിലേക്കു തന്നെ തിരിഞ്ഞു നോക്കിയാൽ പലപ്പോഴും യേശുവിന്റെ അസാന്നിധ്യം നമ്മളിൽ ഒരു പോരായ്മയായി അനുഭവപ്പെടാറില്ല. മാത്രവുമല്ല, ഇന്നു നമ്മളിൽ പലർക്കും അത് ഒരു വിഷയമേയല്ല. ഇവിടെയാണ് മഗ്ദലേന മറിയത്തിന്റെ വ്യത്യസ്ഥത ശ്രദ്ധേയമാകുന്നത്.

**ഉയിർപ്പ് - ജീവന്റെ സന്ദേശം**

ഉയിർപ്പ് ജീവന്റെ കഥയാണ്. മനുഷ്യന്റെ നഷ്ടപ്പെട്ട ദൈവിക ചൈതന്യവും ശ്രേയസ്സും തിരിച്ചു ലഭിച്ചതിന്റെ ചരിത്രം അവിടെ ആരംഭിക്കുന്നു. പരിധികളാൽ പരിമിതമാണ് മനുഷ്യൻ. ജനനം മുതൽ അവൻ നടന്നു നീങ്ങുന്നത് മരണത്തിലേക്കാണ്. ഇപ്രകാരം മരണത്തിലേക്കുള്ള നമ്മുടെ യാത്രയിൽ ഉയിർപ്പിന്റെ സന്ദേശം ജീവന്റെ സന്ദേശമാണ്. മരണമുള്ള മനുഷ്യനു മരണമല്ല ജീവനാണ് ദൈവം ആഗ്രഹിക്കുന്നത് എന്നതിന്റെ ആഹ്വാനമാണ് ഉത്ഥാനം പ്രഘോഷിക്കുക. മരിച്ചു മണ്ണോടു ചേർന്നവരെ മണ്ണിൽ നിന്ന് ഉയർത്തി ഉണങ്ങി വരണ്ട അസ്ഥികൾക്ക് ജീവനും മജ്ജയും മാംസവും അണിയിക്കുമെന്നുള്ള ദൈവിക വാഗ്ദാനത്തിന്റെ അച്ചാരമാണ് യേശു നമുക്ക് നൽകുന്ന പുനരുത്ഥാനത്തിന്റെ മറ്റൊരു പാഠം. ജീവനെന്നു പറയുന്നത് ശാരീരിക ജീവനും അപ്പുറമായ ആത്മീയമായ ജീവനാണ്. അതായത് ദൈവത്തോട് ചേർന്നുള്ള ജീവൻ. മനുഷ്യകുലത്തിന്റെ രക്ഷക്കുവേണ്ടി മനുഷ്യനായി ഭൂമിയിൽ അവതരിച്ച ദൈവപുത്രൻ സ്വപിതാവിന്റെ സന്നിധിയിലേക്കു തിരികെ പോയതിന്റെ ഓർമ്മയാണ് ഉയിർപ്പ്. "ക്രിസ്തു ഉത്ഥാനം ചെയ്തത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനേയും തന്നിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയാണ്" (എഫേ 1:10). അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ ഉത്ഥാനം എല്ലാത്തിന്റേയും ഉത്ഥാനമാണ്. മാറ്റത്തിലേക്കും ജീവനിലേക്കുമുള്ള വിളിയാണ്. ഓരോ ക്രൈസ്തവന്റേയും ജീവിതത്തിൽ ഈ മഹത്വീകരണം, പരിവർത്തനം നടക്കണം. ആത്മാവിലേക്കുള്ള ജഡത്തിന്റെ ഒരു ഉയിർപ്പാണ് നമ്മുടെ വിളി. ഓരോ ഈസ്റ്റർ അനുഭവവും നവജീവനിലേക്കുള്ള മാറ്റമാണ്. അത് ഓരോ പുതുജീവനിലേക്കു മാറ്റപ്പെടുന്നു. സ്നേഹരാഹിത്യത്തിൽ നിന്നു സ്നേഹ ജീവിതത്തിലേക്കും, അസത്യത്തിൽ നിന്നും അഹങ്കാരത്തിൽ നിന്നും ദേഷ്യത്തിൽ നിന്നും എളിമയിലേക്കും സൗമ്യതയിലേ ക്കുമുള്ള നമ്മുടെ വീണ്ടും ജനനമാണു ഈസ്റ്റർ അർത്ഥ പൂർണ്ണമാക്കി തീർക്കുന്നത്. മറ്റുള്ളവർക്കു ഈ ജീവിതാനുഭവം നമ്മളിൽ

ദർശിക്കുവാൻ സാധിക്കണം, എങ്കിൽ മാത്രമേ നമ്മുടെ പ്രാർത്ഥനകൾ സാക്ഷ്യമാവുകയുള്ളു.

**ഉയിർപ്പ് – നന്ദിയുടെ ഒരു ഓർമ്മപ്പെടുത്തൽ**

സ്റ്റീവൻ സ്പിൽബർഗിന്റെ രണ്ടാം ലോകമഹായുദ്ധ കാലത്തെ കേന്ദ്രീകരിച്ചുള്ള ഒരു സിനിമയാണ് “സേവിംഗ് പ്രൈവറ്റ് റെയൺ”. മരണമടഞ്ഞ സൈനികരുടെ ശവശരീരങ്ങൾ തിരിച്ചറിഞ്ഞ് സ്വഭവനങ്ങളിലേക്ക് എത്തിക്കുന്നതിന് ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരെ അത്ഭുതപ്പെടുത്തിയ ഒരു സംഭവം ഉണ്ട്. രണ്ട് സൈനികരുടെ ശവശരീരങ്ങൾ ഒരേ അഡ്രസിലേക്ക് ആണെന്നു തിരിച്ചറിഞ്ഞു. പിഴവു വന്നതാകാം എന്നുകരുതി വിപുലമായ ഒരു അന്വേഷണം നടത്തിയപ്പോൾ അവർ ഇരുവരും സഹോദരങ്ങളാണെന്നു തിരിച്ചറിഞ്ഞു. മാത്രവുമല്ല അവരെ കൂടാതെ മൂന്നാമതൊരുവനും സൈനിക സേവനത്തിലുണ്ട്. മൂന്നാമൻ യുദ്ധമായതിനാൽ എവിടെയെന്ന് ആർക്കും അറിയുകയില്ല. അന്വേഷണം ചെന്നെത്തിയത് ഉദ്യോഗസ്ഥരെ വേദനയിലാഴ്ത്തി. തളർന്നു കിടക്കുന്ന അമ്മയും മൂന്നു മക്കളും അടങ്ങുന്ന കുടുംബം ആയിരുന്നു അവരുടേത്. ആ മൂന്ന് മക്കളിൽ രണ്ടു പേർ ഇപ്പോൾ തന്നെ മരിച്ചുപോയി. സാമൂഹിക പ്രതിബദ്ധതയുടെ പേരിലും ആ അമ്മയുടെ നിസ്സഹായാവസ്ഥയും മാനിച്ച്, മിനിസ്ട്രി, മക്കളിൽ മൂന്നാമനായ റെയാണിനെ യുദ്ധമേഖലയിൽ നിന്നും തിരികെ വിളിക്കാൻ തീരുമാനമായി. എന്നാൽ റെയാൺ എവിടെയെന്ന് ആർക്കും അറിയില്ല. എവിടെയാണെങ്കിലും തിരികെ കൊണ്ടുവരാനായി ക്യാപ്റ്റൻ ആറു പേരടങ്ങുന്ന ഒരു കമ്മീഷനെ നിയമിക്കുന്നു. ഒരുവനു വേണ്ടി ആറു പേര് ബലിയാടാകണോ എന്ന ചോദ്യത്തിനു മറ്റുള്ളവരുടെ എതിർപ്പുകൾക്കിടയിലും ക്യാപ്റ്റന്റെ മറുപടി രോഗശയ്യയിലായ ആ അമ്മയെ നാം പരിഗണിക്കണം എന്നായിരുന്നു. അങ്ങനെ നിയമിച്ച ആറുപേരും യാത്രയാകുകയും, അന്വേഷണത്തിന്റെ ആദ്യ ദിനം തന്നെ മൂന്ന് പേർ മരണമടയുകയും ചെയ്തു. യാത്രികർ വീണ്ടും മുന്നോട്ടു പോയി. ദിവസങ്ങൾക്കു ശേഷം യുദ്ധമേഖലയിൽ യുദ്ധം ചെയ്യുന്ന റെയാണിനെ അവർ കണ്ടുപിടി

ക്കുന്നു. റെയാണിന്റെ അടുത്ത് എത്തിയപ്പോഴേക്കും അവരിൽ ഒരുവൻ മാത്രം അവശേഷിച്ചു. സൈനികൻ കാര്യം ധരിപ്പിച്ച് തിരികെ വരാൻ ആവശ്യപ്പെട്ടപ്പോൾ, അയാൾ പറഞ്ഞു "ഇല്ല സുഹൃത്തേ ഞാൻ എന്റെ നാടിനുവേണ്ടി മരണം വരെയും യുദ്ധം ചെയ്യും" എന്നാൽ ഇതു രാജ്യത്തിന്റെ തീരുമാനം ആണെന്നു നിയമപരമായി അവനെ അറിയിച്ചപ്പോൾ റെയാൺ സമ്മതിച്ചു. അവർ തിരികെ യാത്രയായി. എന്നാൽ തിരികെ വരുന്ന വഴി ഒളിപോരിന്റെ ബലിയാടായി അവശേഷിച്ച സൈനി കനും മരണമടയുന്നു. മരണത്തോട് മല്ലടിച്ച് ആ സൈനികൻ റെയാണിനോടു പറഞ്ഞു "റെയാൺ നിന്റെ ഈ ജീവൻ മറ്റു പലരുടേയും ജീവന്റെ വിലയാണ്. അത് നീ എന്തായിരി ക്കുന്നു വോ, എന്തിനായിരിക്കുന്നുവോ അത് നേടിയെടുക്കുവാനാണ്" ഇത്രയും പറഞ്ഞ് ആ സൈനികൻ മരണമടയുന്നു.

റെയാണിന്റെ ഈ ജീവിതം നമ്മുടെ പലരുടേയും ജീവിത വുമായി സാമ്യമുണ്ട്. നമുക്കുവേണ്ടി ക്രൂശിൽ മരിച്ച് ഉയർത്തെ ഴുന്നേറ്റ് നമ്മോടൊപ്പം ആയിരിക്കുന്ന യേശുവിനോട്, ഈ സമൂഹത്തോട് നമുക്കൊരു പ്രതിബദ്ധതയുണ്ട്. എനിക്കുവേണ്ടി ക്രൂശിൽ ജീവൻ ബലികഴിച്ചവനായ ക്രിസ്തു. ഇതുപോലെ വളർത്തി വലുതാക്കിയ മാതാപിതാക്കൾ, ഗുരുക്കൾ, സഹോ ദരന്മാർ അങ്ങനെ പലരും നമ്മുടെ മുമ്പിൽ... ഇന്ന് നാം ആയിരി ക്കുന്ന വളർച്ചക്കു പിന്നിൽ ധാരാളം മുഖങ്ങളുമുണ്ട്.

പുനരുത്ഥാനത്തിന്റെ, പുതുമയിൽ നാം ആഘോഷങ്ങൾക്കു മാറ്റു കൂട്ടുമ്പോൾ ഓർക്കുക. നന്ദി പറയാൻ കടപ്പോടുകളുള്ള ധാരാളം വ്യക്തികൾ നമ്മുടെ മുമ്പിലുണ്ട്. അവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. അങ്ങനെ നമ്മിലൂടെ മറ്റുള്ളവർക്ക് ആശ്വാസമായി അവരും ഉയർപ്പിന്റെ സന്ദേശവാഹകരാകട്ടെ.